42

എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ. കെ.മൊഹമ്മദ് വൈ സഫീറുള്ള, ഐ.എ.എസ്)

..................................

സി8-12097/17

തീയതി:27/02/2019

വിഷയം : RFCT LARR Act 2013-കൊച്ചി മുസിരിസ് ബിനാലെയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നത് - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്- പരിശോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന 1) 29.10.18 ലെ ഇതേ നമ്പർ form(4) വിജ്ഞാപനം.
2) SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് , കളമശ്ശേരി സമർപ്പിച്ച അന്തിമ റിപ്പോർട്ട്.
3) ഈ ഓഫീസിലെ 02.02.19 ലെ ഇതേ നമ്പർ നടപടിക്രമം.
4) 12.02.2019 ൽ കൂടിയ വിദഗ്ദ്ധ സമിതിയുടെ നടപടികുറിപ്പ്.
5) G.O(P) നം.376/16/RD, 29.6.16.

.................

കൊച്ചി മുസിരിസ് ബിനാലെയുടെ സ്ഥിരം വേദിയായും , മറ്റ് വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക വേണ്ടിയും ഫോർട്ട് കൊച്ചി വില്ലേജിൽ ഉൾപ്പെടുന്ന വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 01.6025 ഹെക്ടർ സ്ഥലം RFCT LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറിൽ നിന്നും അർത്ഥനാ പത്രം ലഭിച്ചിട്ടുള്ളതും, ആയതുപ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ എറണാകുളത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്. സ്ഥലം ഉടമസ്ഥരായ DLF അധികാരികൾ ടി സ്ഥലത്ത് സർവ്വെ നമ്പർ ഒന്നിൽ 0.404 ആർ, 403/2 ൽ 0.405 ആർ എന്നീ വസ്തുക്കൾ കൂടി ഉൾപ്പെട്ടു വരുന്നുണ്ട് എന്ന് അറിയിച്ചതിനെത്തുടർന്ന് ലാന്റ് അക്വിസിഷൻ ഓഫീസർ സ്ഥലപരിശോധന നടത്തി ടി സർവ്വെ നമ്പറുകൾ കൂടി ഉൾപ്പെട്ടുവരുന്നുണ്ട് എന്നറിയിച്ചു. ആയതു പ്രകാരം ടി സർവ്വെ നമ്പറുകൾ കൂടി ഉൾപ്പെടുത്തി SIA പഠനം നടത്തിയിട്ടുള്ളതാണ്.

RFCT LARR Act 2013 ലെ സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി SIA യൂണിറ്റായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്,കളമശ്ശേരിയെ നിയമിച്ചിട്ടുള്ളതാണ്. RFCT LARR ചട്ടം 11 (3) പ്രകാരമുള്ള Form(4) വിജ്ഞാപനം 29.10.18 ലെ 2681-)0 നമ്പർ അസാധാരണ ഗസറ്റിലും, കൊച്ചി കോർപ്പറേഷൻ ഓഫീസ്, ജില്ലാ കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി യൂണിറ്റ്, പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ട് അവലോകനം നടത്തുന്നതിനായി സൂചന (3) പ്രകാരം വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച്

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ എറണാകുളത്തിനെ ടി സമിതിയുടെ ചെയർമാനായി ഉത്തരവായിട്ടുള്ളതാണ്.

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിന്റെ അദ്ധ്യക്ഷതയിൽ 12.2.2019 ന് ഉച്ചയ്ക്ക് ശേഷം 4.30 മണിക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ ചേമ്പറിൽ വിദഗ്ധ സമിതി അവലോകന യോഗം ചേർന്നു.

ടി പദ്ധതിക്കു വേണ്ടി RFCT LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്ഥലത്ത് 6 വർഷത്തിലധികമായി ജോലി ചെയ്യുന്ന 3 കെയർ ടേക്കേഴ്സിന്റെ ജോലി നഷ്ടമാകും. ആയതിനാൽ പ്രസ്തുത കെയർ ടെക്കേഴ്സിന്റെ കുടുബങ്ങളെ പദ്ധതിയുടെ ആഘാതബാധിതരായി കണക്കാക്കേണ്ടതും, നിയമപ്രകാരമുള്ള പുനരധിവാസ പാക്കേജ് നൽകേണ്ടതുമായി കാണുന്നു എന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

SIA യൂണിറ്റ് സമർപ്പിച്ച അന്തിമ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി പരിശോധിച്ചതിന്റെയും, തുടർന്നു നടത്തിയ വിശദമായ ചർച്ചയുടെയും അടിസ്ഥാനത്തിലും, 2013 ലെ ആക്ട് പ്രകാരം മതിയായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ 6 മാസത്തിനുള്ളിൽ തീർപ്പാക്കി സ്ഥലം ഏറ്റെടുക്കണമെന്ന് അംഗങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഗവൺമെന്റിന് പ്രത്യേക താൽപ്പര്യമുള്ള പദ്ധതിയായതിനാൽ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് SIA യൂണിറ്റ് സമർപ്പിച്ച അന്തിമ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ധ സമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കൊച്ചി മുസിരിസ് ബിനാലയുടെ സ്ഥിരം വേദിയായും, മറ്റ് വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കു വേണ്ടിയും ഫോർട്ട് കൊച്ചി വില്ലേജിൽ വിവിധ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 01.6106 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് RFCT LARR Act 2013 സെക്ഷൻ 8(1) (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ എറണാകുളത്തിനെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

1) സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, എറണാകുളം } അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി)
2) ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, തിരുവനന്തപുരം,
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, കൊച്ചി-11

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)